**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3220** **26-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കിയതിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴയിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ ഡി.പി.ആർ. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലേക്കുള്ള വഴിയും തീരദേശ ഹൈവേ കടന്നുപോകേണ്ട വഴിയും അടഞ്ഞുപോകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്തിലെ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴയിലൂടെ കടന്നുപോകുന്ന ദേശീയപാത 66 ൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള വഴിക്ക് സമീപത്ത് അണ്ടർപാസുകളും സർവ്വീസ് റോഡുകളും നൽകിയിട്ടുള്ളതിനാൽ വാഹനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പാനുകളുടെ എണ്ണം കൂട്ടുന്നതിനും സർവ്വീസ് റോഡുകൾ എക്സ്റ്റെന്റ് ചെയ്യുന്നതിനുമുള്ള തുറമുഖ വകുപ്പിന്റെ പ്രൊപ്പോസൽ ദേശീയപാത അതോറിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) | തീരദേശ ഹൈവേ തോട്ടപ്പള്ളി നാഷണൽ ഹൈവേയിലേക്ക് കയറുന്നതിനും പായൽക്കുളങ്ങരയിൽ നിന്ന് തിരിച്ച് തീരദേശ ഹൈവേയിലേക്ക് പോകുന്നതിനും അണ്ടർപാസ്സ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തീരദേശ ഹൈവേ തോട്ടപ്പള്ളി നാഷണൽ ഹൈവേയിലേക്ക് കയറുന്നതിനും പായൽക്കുളങ്ങരയിൽ നിന്ന് തിരിച്ച് തീരദേശ ഹൈവേയിലേക്ക് പോകുന്നതിനും അണ്ടർപാസ്സ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെയിനേജ് 430+ 850 ൽ അണ്ടർ പാസ് (LVUP) നൽകിയിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, പായൽക്കുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക് ജംഗ്ഷൻ, മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിലെ അണ്ടർപാസ്, ഫ്ലൈ ഓവർ എന്നിവയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | ദേശീയപാത 66 ൽ അമ്പലപ്പുഴ ഭാഗത്ത് വാഹനങ്ങൾക്ക് ക്രോസ് ചെയ്യുന്നതിന് വിവിധ ഭാഗങ്ങളിൽ ഫ്ലൈഓവറുകളും അണ്ടർപാസുകളും നൽകിയിട്ടുണ്ട്. സർവ്വീസ് റോഡുകളുടെ ഈ ക്രോസിംഗ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, പായൽക്കുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക് ജംഗ്ഷൻ, മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷൻ എന്നീ ഭാഗങ്ങളിലേയ്ക്ക് സുഗമമായി എത്തിച്ചേരാവുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ